പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1369** **14. 06. 2013-** ലെ മറുപടി

<u>പ്രവാസി പുനരധിവാസ പാക്കേജ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. വി.റ്റി. ബൽറാം</u><br><u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u><br><u>ശ്രീ. സി.പി. മുഹമ്മദ്</u><br><u>ശ്രീ.കെ. ശിവദാസൻ നായർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യയിൽ നിന്നും നാട്ടിലേക്ക് മടങ്ങി വരുന്ന മലയാളികൾക്കായി പുനരധിവാസ പാക്കേജ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;<br><br>(ബി) പാക്കേജിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;<br><br>(സി) പുനരധിവാസ പാക്കേജിന് കേന്ദ്ര പങ്കാളിത്തം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;<br><br>(ഡി) പാക്കേജ് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(ഇ) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | (എ, ബി, സി, ഡി & ഇ) സൗദി അറേബ്യയിലെ നിതാഖത്ത് വിഷയം ചർച്ച് ചെയ്ത മന്ത്രിസഭായോഗം ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്നവർക്കും മറ്റ് വിദേശരാജ്യങ്ങിൽ നിന്ന് ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്താൻ സാധ്യതയുള്ള പ്രവാസികൾക്കുമായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കാൻ തീരുമാനിക്കുകയും നോർക്ക വകുപ്പ് മന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിക്ക് രൂപം നൽകുകയുമുണ്ടായി. കമ്മിറ്റി വിശദമായ ചർച്ചകൾക്ക് ശേഷം പദ്ധതിക്ക് കരട് രൂപം നൽകുന്നതിന് INKEL മാനേജിംഗ് ഡയറക്ടർ ചെയർമാനായും നോർക്ക സെക്രട്ടറി കൺവീനറായും 10 അംഗങ്ങളുള്ള ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു. ഈ സമിതി സമർപ്പിച്ച വിശദമായ കരട് പുനരധിവാസ പാക്കേജ് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ